**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2416** **08-05-2017 ൽ മറുപടിക്ക്**

# സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും നൽകിയ ഭൂമിയുടെ വിനിയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീമതി.സി.കെ.ആശ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും നൽകിയ ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിന് നീക്കമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) വിവിധ സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും ലീസിനോ പതിച്ചോ നൽകിയ ഭൂമി വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തിക്കുകയോ, നിയമവിധേയമല്ലാതെ വിനിയോഗിക്കുകയോ ചെയ്യുന്നത് നിരീക്ഷിക്കുകയും വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം നടപടി സ്വീകരിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലേയ്ക്ക് തിരികെ എടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിച്ച് ലാഭമുണ്ടാക്കുകയെന്ന കേന്ദ്ര സർക്കാർ നയത്തിന്റെ ഫലമായി, അവ വിൽക്കുമ്പോൾ, സംസ്ഥാന സർക്കാർ നൽകിയ ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന സാഹചര്യമുണ്ടായാൽ കേരള സർക്കാർ റവന്യൂ പുറമ്പോക്ക് ഭൂമിയിലാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതെങ്കിൽ ടി ഭൂമി അന്യാധീനപ്പെടാതെ സർക്കാർ അധീനതയിൽ തന്നെ നിലനിർത്താനും ലീസ് കുടിശ്ശിക ഉൾപ്പെടെ സർക്കാരിലേയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) സർക്കാർ നൽകിയ ഭൂമി വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ചു എന്ന് കണ്ടെത്തിയാൽ അവ തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) വിവിധ ട്രസ്റ്റുകൾക്കും, സ്ഥാപനങ്ങൾക്കും ലീസിനോ പതിച്ചോ നൽകിയ കേസുകളിൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്ഥലം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ലീസ്/പട്ടയം റദ്ദ് ചെയ്യ് നടപടികൾ സ്വീകരിക്കുന്നതും സ്ഥലം സർക്കാർ അധീനതയിലെടുക്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**